# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3768** 15-05-2017-ൽ മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഉമ്മർ | : | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക രീതിയിലുള്ള അധ്യാപക പരിശീലനത്തിനും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളോടനുബന്ധിച്ച് ഗവേഷണ കേന്ദ്രങ്ങളും പോളിടെക്നിക്ക് കോളേജുകളോട്ടനുബന്ധിച്ച് ഉൽപാദന പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് |

| | |
|---|---|
| | ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക വ്യാവസായിക മേഖലകളുടെ സമന്വയമായ ട്രെസ്റ്റ് (Trivandrum Engineering Science and Technology Research Park (TREST)) പാർക്കും പ്രവർത്തിച്ചു വരുന്നു. വിജയശതമാനത്തിന്റെ കാര്യത്തിലും പ്ലേസ്മെന്റ് കണക്കുകളിലും സർക്കാർ മേഖലയിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന നിലവാരമാണ് പുലർത്തി വരുന്നത്. എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് കോളേജുകളിലെയും വിദ്യാർത്ഥികളിൽ നിന്ന് യുവസംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷനുമായി (KSUM) സഹകരിച്ച് പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നതാണ് കേരള |

| | |
|---|---|
| | സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. സംസ്ഥാനത്ത് ഗവൺമെന്റ്/എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ് & സയൻസ് കോളേജ് വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ തുടങ്ങിയ പല പദ്ധതികളും സമിതി നടപ്പിലാക്കിവരുന്നു. കേരളത്തിലെ കോളേജുകളെ പഠിതാക്കൾക്ക് പ്രാമുഖ്യവും പഠന പ്രവർത്തനത്തിന് പ്രാധാന്യവുമുള്ള ക്യാമ്പസുകളാക്കി മാറ്റുന്നതിന് 'ധൈഷണിക പര്യാവരൺ' എന്ന ഒരു നൂതന പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ ഒരു വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. |

| | |
|---|---|
| ബി) നിലവിലെ പാഠ്യ പദ്ധതി ഭാഷയ്ക്കും സാഹിത്യത്തിനും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ഇല്ല |
| സി) ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | സി) & ഡി) ബാധകമല്ല. |
| ഡി) പുതിയ പരിഷ്കാരങ്ങൾ നടത്തുന്നതിനായി വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**